കുടുംബാസൂത്രണ പ്രവർത്തനം

* 64. [12] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബാസൂത്രണ പ്രവർത്തനം പൂർവ്വാധികം ഊർജ്ജിതമാക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന് എന്തെല്ലാം നടപടികൾ കൂടുതൽ എടുക്കാനുദ്ദേശിക്കുന്നു;

(സി) കുടുംബാസൂത്രണം സംബന്ധിച്ചുനടത്തിയ പഠനം റിപ്പോർട്ടിലെ പ്രസക്തഭാഗങ്ങൾ എന്തെല്ലാമാണ്;

(ഡി) സംസ്ഥാനത്ത് എത്ര ഫാമിലി പ്ലാനിംഗ് കേന്ദ്രങ്ങൾ ഉണ്ട്;

(ഇ) ഇതുവരെയായി സംസ്ഥാനത്ത് എത്രപേർ വന്ധീകരണ ശസ്ത്രക്രിയ നടത്തിയിട്ടുണ്ട്; ഇതിൽ സ്ത്രീകൾ എത്ര?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) ഉണ്ട്.

(ബി) 10,000 ആളുകൾക്ക് ഒരു ആക്സിലറി നേഴ്സ്, മിഡ് വൈഫ്, 30,000 പേർക്ക് ഒരു ഫാമിലി പ്ലാനിംഗ് ഫീൽഡ് വർക്കർ എന്ന കണക്കിന്, ബ്ലോക്കുകൾ, പ്രൈമറി ഹെൽത്ത് സെൻറുകൾ, അതിന്റെ സബ് സെൻറുകൾ എന്നിവിടങ്ങളിൽ പ്രവർത്തകരെ നിയമിച്ചു കുടുംബാസൂത്രണ പ്രവർത്തനം ഊർജ്ജിതപ്പെടുത്താനാണുദ്ദേശിക്കുന്നത്.

(സി) റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയിട്ടില്ല.

(ഡി) 332.

(ഇ) 40,698 സ്ത്രീകൾ; 14,309.

വന്ധീകരണ ശസ്ത്രക്രിയകൾ

* 65. [28] ശ്രീ. പി. കെ. അബ്ദുൽഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബാസൂത്രണപരിപാടി അനുസരിച്ച് കേരളത്തിൽ എത്ര വന്ധീകരണ ശസ്ത്രക്രിയകൾ നടത്തിയിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രചാരത്തിനുവേണ്ടി ബ്ലോക്ക് പഞ്ചായത്ത് നിലവാരങ്ങളിൽ സാമൂഹ്യപ്രവർത്തകരുടെ ക്യാമ്പുകൾ സംഘടിപ്പിക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) 40,698

(ബി) ബ്ലോക്ക്, പഞ്ചായത്ത് നിലവാരങ്ങളിൽ 60 പേരെ വീതം തിരഞ്ഞെടുത്ത് മൂന്നു ദിവസം വീതം നീണ്ടുനില്ക്കുന്ന പരിശീലനക്യാമ്പുകൾ നടത്തിവരുന്നുണ്ട്. ഇതുവരെ ഇത്തരം 26 ക്യാമ്പുകൾ നടത്തിക്കഴിഞ്ഞു.

ശ്രീ. മാലേത്ത് ഗോപിനാഥപിള്ള: ശസ്ത്രക്രിയയ്ക്ക് വിധേയരായ നാല്പതിനായിരത്തിൽപരം ആളുകളിൽ, ശസ്ത്രക്രിയ വിജയകരമായിട്ടുള്ളതെത്ര, പരാജയപ്പെട്ടതെത്ര എന്നു വല്ല കണക്കും എടുത്തിട്ടുണ്ടോ; കണക്കെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: പ്രത്യേകം സർവ്വെ നടത്തണമെന്നു അഭിപ്രായമില്ല. ഈ ശ്രമം പരാജയപ്പെട്ടതായി അറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഒ. ടി. ശാരദാകൃഷ്ണൻ : ഈ പരിപാടി ഊർജ്ജിതപ്പെടുത്തുമെന്നു പറഞ്ഞു. ഇതിൽ പരിശീലനം സിദ്ധിച്ചിട്ടുള്ള പ്രവർത്തകരെ പിരിച്ചുവിടുന്നതായി കേൾക്കുന്നതു ശരിയാണോ ; ആണെങ്കിൽ അവർക്കു പി. എസ്. സി. മുഖാന്തിരം സേവനം അനുഷ്ഠിക്കുന്നതിനു വല്ല നടപടിയും സ്വീകരിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതു ശരിയല്ല. പരിശീലനം ലഭിച്ചിട്ടുള്ളവരിൽ ചിലർ ശരിയായി ജോലിചെയ്യാത്തതു നിമിത്തം അവർക്കു ഒരവസരം കൂടി കൊടുത്തിരിക്കുകയാണു്. മേലാൽ പരാതി ഉണ്ടായാൽ അങ്ങനെയുള്ളവരെ പിരിച്ചുവിടുന്നതാണു്. ബാക്കിയുള്ളവരെ ഇപ്പോൾ പിരിച്ചുവിടാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ: ശസ്ത്രക്രിയ നടത്താതെ വന്ധീകരണം നടത്തുവാൻ ആയുർവ്വേദവിധിയുള്ളതായി അറിയുന്നു. അതനുസരിച്ചു വല്ല പരീക്ഷണവും നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; നടത്തിയിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അങ്ങനെ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. ആയുർവ്വേദഗ്രന്ഥത്തിൽ എവിടെയാണു് ഇതിനു് പ്രത്യേക വിധിയുള്ളതെന്നു് അധികൃതമായി അറിയിച്ചാൽ പരിശോധിക്കാം.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : 28—ാമത്തെ ചോദ്യത്തിന്റെ (ബി) വകുപ്പിനു് മൂന്നു ദിവസത്തെ ട്രെയിനിംഗ് കൊടുക്കുന്നുണ്ടെന്നു പറഞ്ഞു. മൂന്നു ദിവസത്തെ ട്രെയിനിംഗ് കഴിഞ്ഞുവരുന്നവരാണോ ഇതു സംബന്ധിച്ചു പ്രവർത്തനങ്ങൾക്കു നിയോഗിക്കപ്പെടുന്നതു് ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇതു സംബന്ധിച്ചു വിവരങ്ങൾ ആളുകളെ പറഞ്ഞു ധരിപ്പിക്കുന്നതിനുള്ള പ്രവർത്തകരെ ഉദ്ദേശിച്ചാണു് മൂന്നു ദിവസത്തെ ട്രെയിനിംഗ് ക്യാമ്പു് നടത്തുന്നതു്. അവർ താൽപര്യമുള്ള ആൾക്കാരെ ബ്ലാക്കുകളിലും, പഞ്ചായത്തുകളിലും വിളിച്ചുകൂട്ടി ഇതിനെപ്പറ്റി ആവശ്യമായ പ്രചരണം നടത്തുന്നതാണു്. അതിനുവേണ്ടിയാണു് അത്തരം ക്യാമ്പുകൾ നടത്തുന്നതു്.

ശ്രീ. പി. നാരായണൻ നമ്പി : ജനസംഖ്യാവർദ്ധനവു് രൂക്ഷമായി വരുന്ന ഒരു പ്രശ്നമാകയാൽ, ഇന്നത്തെ നടപടികൾ തൃപ്തികരമായി നടക്കാത്തതു കൊണ്ടു്, നിയമംമൂലം വന്ധീകരണ ശസ്ത്രക്രിയാ നടപടികൾ ഊർജ്ജിതത്തിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതിനുവേണ്ടി പ്രത്യേകം നിയമം കൊണ്ടുവരാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. അതിന്റെ ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. പ്രചരണം നടത്തുന്നതനുസരിച്ചു് ഫലപ്രദമായി ഈ പരിപാടി തുടർന്നു നടത്താമെന്നാണു വിചാരിക്കുന്നതു്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പു് : സാമൂഹികപ്രവർത്തകർക്കു് ഇന്നു് വളരെ പുരുങ്ങിയ സഹായധനമാണു് കൊടുത്തുവരുന്നതു്. അയൽ സംസ്ഥാനങ്ങളിൽ 100—ം, 200—ം രൂപവരെ സ്ഥിരം ശമ്പളത്തോതു് നിശ്ചയിച്ചിരിക്കുകയാണു്. അവരുടെ ശമ്പളത്തോതു് ഉയർത്തുകയും, സർവ്വീസിനു് സ്ഥിരത നൽകുകയും ചെയ്യുന്ന നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : സോഷ്യൽ വർക്കർസിന്റെ ശമ്പളം ഇപ്പോൾ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല. അടുത്ത സാമ്പത്തിക വർഷത്തിൽ, ഒരു റീ ആർഗനൈസേഷൻ നടത്തണമെന്നു വിചാരിക്കുന്നു. കാളിഫൈഡായിട്ടുള്ളവർക്കു് കൂടുതൽ പരിശീലനം നൽകുന്നതിനും, ഈ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഉദ്ദേശിക്കുന്നു.

ശ്രീ. എം. എം. സുന്ദരം : ഫാമിലി പ്ലാനിംഗ് സംബന്ധിച്ച പ്രവർത്തനങ്ങൾ വിജയകരമാക്കാൻ, ജനങ്ങളെ ആകർഷിക്കുന്നതിനു് ഏതെങ്കിലും മന്ത്രി ശസ്ത്രക്രിയയ്ക്കു വിധേയനായിട്ടുണ്ടോ ?

Mr Speaker : That question need not be answered.

LIBRARY ARCHIVES Kerala Legislative Assembly